**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2532** **15-10-2024 - ൽ മറുപടിയ്ക്ക്**

**അങ്കൺജ്യോതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികളിലാണ് അങ്കൺജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | നിലവിൽ ചങ്ങനാശ്ശേരി മണ്ഡലത്തിലെ അങ്കണവാടികളിൽ അംഗൻ ജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടില്ല . |
| (ബി) | പ്രസ്തുത പദ്ധതി മണ്ഡലത്തിലെ എല്ലാ അംഗൻവാടികളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | കേരള സംസ്ഥാനത്തെ 2050-ഓടെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനാണ് സർക്കാർ പദ്ധതി ഇട്ടിരിക്കുന്നത് . ഇതിന്റെ ഭാഗമായി സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ ഊർജ്ജക്ഷമതയുള്ളതാക്കി മാറ്റുന്നത് ലക്ഷ്യം വെച്ച് കൊണ്ടാണ് എനർജി മാനേജ്മെന്റ് സെന്റർ “അംഗൻ ജ്യോതി” എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നത് . ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും എനർജി മാനേജ്മെന്റ് സെന്റർ വഴി അംഗൻ ജ്യോതി പദ്ധതി വ്യാപിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ